പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3672 — 15.3.2018 -ൽ മറുപടിയ്ക്ക്

## കെ.റ്റി.ഡി.സി. ഏറ്റെടുക്കുന്ന പുതിയ പദ്ധതികൾ

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.രാജു എബ്രഹാം : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.റ്റി.ഡി.സി. (കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ)യുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി വികസിപ്പിക്കുന്നതിന് എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് അറിയിക്കുമോ; | എ) | കെ.ടി.ഡി.സി.യുടെ മിക്കവാറും എല്ലാ ഹോട്ടലുകളുടേയും നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പണി നടന്നുകൊണ്ടിരുന്ന മാസ്കറ്റ് ഹോട്ടലിന്റെ 36 റൂമുകൾ പൂർത്തീകരിച്ച് ഗസ്റ്റിന് തുറന്നുകൊടുത്തു. പൊന്മുടിയിൽ 14 പുതിയ കോട്ടേജുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. തേക്കടി തടാകത്തിൽ 120 പേരെ കയറ്റാവുന്ന ഒരു ബോട്ട് സർവ്വീസാരംഭിച്ചു.<br>കെ.ടി.ഡി.സിയുടെ നിലവിലുള്ള ഹോട്ടലുകളെ സ്റ്റാർ കാറ്റഗറിയിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കുമരകത്തെ വാട്ടർ സ്കേപ്പ് പൂർണ്ണമായ നവീകരണത്തിലാണ്. |
| ബി) | മുൻകാലങ്ങളെ അപേക്ഷിച്ച് കെ.റ്റി.ഡി.സി.യുടെ പ്രവർത്തനങ്ങളിൽ ഉണർവ്വും വരുമാനത്തിൽ വർദ്ധനവും ഉണ്ടായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | ബി) | ഉണ്ട്. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം നോട്ട് നിരോധനം, സുപ്രീം കോടതി ഉത്തരവ് പ്രകാരം ബിയർ പാർലറുകൾ പൂട്ടി തുടങ്ങിയ പ്രതികൂല ഘടകങ്ങൾ ഉണ്ടായിട്ടുപോലും മറ്റുള്ള മേഖലകളിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തിയതിനാൽ ഇക്കഴിഞ്ഞ ജനുവരി മാസം വരെ 102.5 കോടി വിറ്റുവരവും 380 ലക്ഷം പ്രവർത്തന ലാഭവും ഉണ്ടായിട്ടുണ്ട്. വിറ്റുവരവിൽ, കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 13 കോടി രൂപയുടെ ഇടിവുണ്ടായിട്ടും പ്രവർത്തന ലാഭം ഒരു കോടി കൂടിയത് പ്രവർത്തന മികവു മൂലമാണ്. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തിനകത്തും പുറത്തുമായി കെ.റ്റി.ഡി.സി ഏറ്റെടുക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | സംസ്ഥാനത്തിന് പുറത്ത് കന്യാകുമാരിയിൽ ഒരു സ്റ്റാർ ഹോട്ടൽ, മുഴപ്പിലങ്ങാടിൽ ഒരു ബീച്ച് റിസോർട്ട്, കോഴിക്കോട് ബീച്ചിൽ ഒരു സ്റ്റാർ ഹോട്ടൽ, ബേക്കൽ ബീച്ചിൽ 24 കോട്ടേജുകളുടെ നിർമ്മാണം, മലമ്പുഴ, നെയ്യാർ ഡാം എന്നീ രണ്ടു യൂണിറ്റുകളിലുമായി 3 മെഗാവാട്ട് സോളാർ പവർ പ്ലാന്റുകൾ, കണ്ണൂർ, പീരുമേട്, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിലെ ടാമറിന്റ് ഹോട്ടലുകളുടെ നവീകരണം, മൂന്നാറിൽ 100 മുറികളുള്ള ഒരു ബഡ്ജറ്റ് ഹോട്ടൽ എന്നിവയാണ് കെ.ടി.ഡി.സി. ഏറ്റെടുക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ. |

സെക്ഷൻ ഓഫീസർ